01/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 478(6)/2021 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.4503/*എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 18.12.2021**

**ശ്രീ. പി.ശശിധരൻ,**
**കളപ്പുരയ്ക്കൽ,**
**ചുട്ടിപ്പാറ,**
**പത്തനംതിട്ട പി.ഒ** — **അപ്പീൽ ഹർജിക്കാരൻ**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **സീനിയർ സൂപ്രണ്ട്,**
   **ജില്ലാ സാമൂഹ്യ നീതി ഓഫീസർ,**
   **ജില്ലാ സാമൂഹ്യ നീതി ഓഫീസ്,**
   **കാപ്പിൽ ആർക്കേഡ് (Doctors lane)**
   **പത്തനംതിട്ട – 689 645.**

2. **അപ്പീൽ അധികാരി &**
   **ജില്ലാ സാമൂഹ്യ നീതി ഓഫീസർ,**
   **ജില്ലാ സാമൂഹ്യ നീതി ഓഫീസ്,**
   **കാപ്പിൽ ആർക്കേഡ് (Doctors lane)**
   **പത്തനംതിട്ട – 689 645.**

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/03/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 24/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 31/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/07/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 10/12/2021<br>PWD റസ്റ്റ് ഹൗസ്, തിരുവല്ല |

| ഹിയറിംഗിലെ സാന്നിധ്യം: | |
|---|---|
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി (പ്രതിനിധി) |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.ശശിധരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന്റെ മറുപടി ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരിവയ്ക്കുന്നതായിരുന്നുവെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്ക് വിവരം നൽകുവാൻ വിമുഖത കാണിച്ച എതിർകക്ഷികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും ടിയാന്റെ അപ്പീൽ തീർപ്പാക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 15.01.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, എതിർകക്ഷി സ്ഥാപനത്തിലെ ഓഫീസർ ശ്രീ. ജാഫർഖാൻ ജോലിയിൽ പ്രവേശിച്ചതിനു ശേഷം നാളിതുവരെ സർക്കാരിലേക്കു സമർപ്പിച്ച സ്വത്തു വിവരപട്ടികയുടെ പകർപ്പാണ്.

3. ഹർജിക്കാരന്റെ 15.01.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 03.02.2021 ൽ നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഓഫീസിൽ ലഭ്യമല്ല എന്നാണ് അറിയിച്ചിരിക്കുന്നത്. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 15.02.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് 12.03.2021 ൽ മറുപടി നൽകിയിരിക്കുന്നതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി 28.06.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ശ്രീ. ജാഫർഖാന്റെ സ്വത്തുവിവര പട്ടികയുടെ പകർപ്പ് എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും വിവരാവകാശ നിയമം 2005 സെക്ഷൻ 8 ന്റെ (1) (e) & 8 (1) (j) പ്രകാരം വെളിപ്പെടുത്തേണ്ട ബാധ്യതയി

ല്ലാത്തതിനാലും ടി വിവരങ്ങൾ ഹർജിക്കാരന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് മാത്രമായിട്ടുള്ളതും പൊതു താൽപര്യത്തിന് യാതൊരു ഉപകാരവും ഇല്ലെന്ന ബോധ്യപ്പെട്ടതിനാലുമാണ് വിവരങ്ങൾ വെളിപ്പെടുത്താതിരുന്നതെന്നാണ്. കൂടാതെ ശ്രീ. എസ്. ജാഫർഖാനുമായി ബന്ധപ്പെട്ട് ധാരാളം വിവരാവകാശ അപേക്ഷകൾ ഹർജിക്കാരൻ നൽകിവരുന്നതായും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷികൾ മറുപടി നൽകിയതായി കാണുന്നുവെങ്കിലും ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയതായി കാണുന്നില്ല. 10.12.2021 ൽ കമ്മീഷൻ തിരുവല്ല റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരൻ വിവിധ ഓഫീസുകളിൽ പരാതി നൽകുന്ന ആളാണെന്നും ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ഒരാളുടെ വ്യക്തിപരമായ കാര്യങ്ങളാണ് ആവശ്യപ്പെട്ടിരുക്കുന്നതെന്നും കൂടാതെ ടിയാന്റെ അപേക്ഷയിലെ വിവരങ്ങൾ സാമൂഹ്യനീതി ഡയറക്ട്രേറ്റിലാണ് ഉള്ളതെന്നുമാണ് ഹിയറിംഗിൽ പങ്കെടുത്ത എതിർകക്ഷിയുടെ മൊഴിയിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ഹർജിക്കാരന്റെ അപേക്ഷ വിവരാവകാശ നിയമം സെക്ഷൻ 6(3) പ്രകാരം അയച്ചു നൽകിയതായി കാണുന്നില്ല. കൂടാതെ ഒന്നാം അപ്പീലധികാരിയുടെ മറുപടിയിൽ, ഒപ്പു വച്ച അപ്പീലധികാരിയുടെ പേരോ, ഡസിഗ്നേഷൻ സീലോ വയ്ക്കാതെയും വിവരം തൃപ്തികരമല്ല എങ്കിൽ അപ്പീൽ നൽകാനുള്ള വിവരങ്ങൽ ചേർക്കാതെയുമാണ് മറുപടി നൽകിയതായി കാണുന്നത്. വിവരാവകാശ നിയമം ആരോടെങ്കിലും ഉള്ള വ്യക്തി വിരോധം തീർക്കുന്നതിലേക്കായി ദുർവിനിയോഗം ചെയ്യുന്ന നടപടി ഒരു കാരണവശാലും അംഗീകരിക്കുവാനും പ്രോത്സാഹിക്കപ്പെടാനും കഴിയുന്ന സംഗതി അല്ല എന്ന് അപ്പീൽ ഹർജിക്കാരനെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു. ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഫയൽ ചെയ്തിട്ടുള്ള തന്റെ സ്വത്തു വിവരം വിവരാവകാശ നിയമത്തിലെ വകുപ്പ് 8 (1) (j) പ്രകാരം പൊതു താൽപ്പര്യം ഉണ്ടെങ്കിൽ മാത്രമേ വെളിപ്പെടുത്തേണ്ടതുള്ളൂ.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 18-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION